എ.വൈ.ആർ

**അല്ലാഹു ഓരോ സമൂഹത്തിനും സത്യത്തോടും ധർമത്തോടുമുള്ള അവരുടെ പ്രതിബദ്ധതയനുസരിച്ച് ഒരായുസ്സ് നിശ്ചയിച്ചു വെച്ചിട്ടുണ്ട്. ഭൗതികമായി എത്ര തന്നെ ശക്തരും സമ്പന്നരുമാണെങ്കിലും നിശ്ചിത ആയുസ്സെത്തിയാൽ പിന്നെ ഒരു നിമിഷം അവക്ക് നിലനിൽക്കാനാവില്ല. സത്യ-ധർമാദികളുടെ പിൻബലമുണ്ടെങ്കിൽ ഭൗതികമായി എത്ര ദുർബലമായ സമൂഹവും നിശ്ചിത അവധിക്ക് ഒരു നിമിഷം പോലും മുമ്പായി അവസാനിക്കുകയുമില്ല. ഒരു സമൂഹത്തിന്റെ നിലനിൽക്കാനുള്ള ധാർമികാവകാശം നഷ്ടപ്പെടുന്നത് എപ്പോഴാണെന്ന് അല്ലാഹുവിനു മാത്രമേ അറിയൂ.**



قَالَ رَبِّ ٱنصُرْنِى بِمَا كَذَّبُونِ ﴿٣٩﴾

**39.** പ്രവാചകൻ പ്രാർഥിച്ചു: നാഥാ, ഈ ജനം എന്നെ പൂർണമായി തള്ളിപ്പറഞ്ഞിട്ടുള്ളതുകൊണ്ട് ഇനി നീ തന്നെ എന്നെ സഹായിക്കേണമേ!

قَالَ عَمَّا قَلِيلٍ لَّيُصْبِحُنَّ نَٰدِمِينَ ﴿٤٠﴾

**40.** അല്ലാഹു ഉത്തരമരുളി: അവരിതാ അൽപസമയത്തിനുള്ളിൽ നെടുംഖേദത്തിലകപ്പെടാൻ പോകുന്നു.

فَأَخَذَتْهُمُ ٱلصَّيْحَةُ بِٱلْحَقِّ فَجَعَلْنَٰهُمْ غُثَآءً ۚ فَبُعْدًا لِّلْقَوْمِ ٱلظَّٰلِمِينَ ﴿٤١﴾

**41.** പിന്നെ സത്യമായി ഒരു ഘോര ഗർജനം അവരെ ബാധിച്ചു. നാം അവരെ ചപ്പുചവറുകളാക്കിക്കളഞ്ഞു. അക്രമികളായ ജനത്തിന് നാശം!

**39 – 41**

قَالَ = അവൻ പറഞ്ഞു: (പ്രവാചകൻ പ്രാർഥിച്ചു) رَبِّ = എന്റെ നാഥാ
ٱنصُرْنِى = (ഇനി) നീ(തന്നെ) എന്നെ സഹായിക്കേണമേ
بِمَا كَذَّبُونِ = അവർ (ഈ ജനം) എന്നെ (പൂർണമായി)തള്ളിപ്പറഞ്ഞിട്ടുള്ളതുകൊണ്ട്
قَالَ = അവൻ പറഞ്ഞു (അല്ലാഹു ഉത്തരമരുളി) عَمَّا قَلِيلٍ = അൽപ(സമയ)ത്തിനുള്ളിൽ
لَّيُصْبِحُنَّ نَٰدِمِينَ = അവർ ഖേദിക്കുന്നവരായിത്തീരുകതന്നെ ചെയ്യും,
പ്രഭാതത്തെ പ്രാപിക്കുക തന്നെ ചെയ്യും (നെടുംഖേദത്തിലകപ്പെടാൻ പോകുന്നു)
فَأَخَذَتْهُمُ = പിന്നെ അവരെ പിടിച്ചു (ബാധിച്ചു) ٱلصَّيْحَةُ = (ഘോര) ഗർജനം بِٱلْحَقِّ = സത്യമായി
فَجَعَلْنَٰهُمْ = അങ്ങനെ നാം അവരെ ആക്കിക്കളഞ്ഞു غُثَآءً = ചപ്പുചവറുകൾ
فَبُعْدًا = ദൂരെ (നാശം), നശിക്കട്ടെ لِّلْقَوْمِ ٱلظَّٰلِمِينَ = അക്രമികളായ ജനത്തിന്

നേരത്തേ നൂഹ് നബി(അ)യിൽനിന്ന് ഉദ്ധരിക്കപ്പെട്ട (സൂക്തം 26) അതേ പ്രാർഥന തന്നെയാണ് 39-ാം സൂക്തം. വിശദീകരണം *ഖുർആൻ ബോധനം* അവിടെ നൽകിയിരിക്കുന്നു. നൂഹ് നബിയുടെ പ്രാർഥനക്ക് അല്ലാഹു നൽകിയ ഉത്തരം കപ്പൽ നിർമിക്കാനുള്ള നിർദേശമായിരുന്നു. ഇവിടെ ഹൂദ് നബിക്ക് നൽകുന്ന ഉത്തരം ധിക്കാരി സമൂഹം ഉടനെ നശിപ്പിക്കപ്പെടാൻ പോകുന്നു എന്നാണ്. عَمَّا قَلِيل എന്നാൽ 'കുറഞ്ഞതിന്' എന്നാണ് ഭാഷാർഥം. 'അൽപസമയത്തിനകം' എന്നാണ് ഇവിടെ ആശയം. يصبح-വിന് ആകും, ആയിത്തീരും എന്നും പ്രഭാതമാകും, പ്രഭാതത്തെ പ്രാപിക്കും എന്നും അർഥമുണ്ട്. ഈ അർഥങ്ങളെല്ലാം ഇവിടെ യോജിക്കുന്നതാണ്. അതായത് പ്രവാചകനെ തള്ളിപ്പറഞ്ഞും അദ്ദേഹത്തിന്റെ

(ഒരു കൊടിയ ദുരിതനാളിൽ നാം അവർക്കു നേരെ ഘോരമായ കാറ്റിനെ അഴിച്ചുവിട്ടു). 69:7-ൽ പറയുന്നു: سَخَّرَهَا عَلَيْهِمْ سَبْعَ لَيَالٍ وَثَمَٰنِيَةَ أَيَّامٍ (ആ കാറ്റിനെ ഏഴു രാവും എട്ടു പകലും അവരുടെ മേൽ തന്നെ പിടിച്ചുനിർത്തി). അല്ലാഹു വാഗ്ദത്തം ചെയ്തതും പ്രവാചകൻ മുന്നറിയിപ്പ് നൽകിയതും അവർ പുഛിച്ചു തള്ളിയതുമായ രൂപത്തിൽ തന്നെ ശിക്ഷ പ്രത്യക്ഷമാകേണ്ടതുണ്ടായിരുന്നു. അത് അങ്ങനെ തന്നെ യാഥാർഥ്യമായി എന്നാണ് بِٱلْحَقِّ എന്ന വാക്കിന്റെ താൽപര്യം.

വെള്ളപ്പാച്ചിലിൽ ഒഴുകിപ്പോവുകയും അങ്ങിങ്ങ് തങ്ങിക്കൂടുകയും ചെയ്യുന്ന ചപ്പുചവറുകളാണ് غُثَآءً. ചവിട്ടി മെതിച്ച ചണ്ടി പോലെയായി എന്നാണിവിടെ ഉദ്ദേശ്യം. അവർ ജീർണിച്ച ഈത്തപ്പനകളെന്നോണം വീണു കിടന്നു- كَأَنَّهُمْ أَعْجَازُ نَخْلٍ خَاوِيَةٍ എന്നാണ് 69:7-ൽ പറഞ്ഞിരിക്കുന്നത്. بعدا എന്നത് ഒരു ശാപ പ്രാർഥനാ ശൈലിയാണ്. ദൂരത്താവട്ടെ അഥവാ നശിച്ചുപോകട്ടെ എന്നാണർഥം. നടന്നുകഴിഞ്ഞ സംഭവത്തെക്കുറിച്ച് ഇത് പറയുന്നത് അഭിശപ്തരായി, നശിച്ചുപോയി എന്ന പ്രസ്താവനയായിട്ടാണ്. അല്ലാഹുവിന്റെ ശിക്ഷ ശാപവും നാശവുമാണല്ലോ. ■

താക്കീതുകളെ പരിഹസിച്ചും കേമന്മാരായി വിലസുന്ന ഇക്കൂട്ടർ ഏറെ താമസിയാതെ തങ്ങളുടെ ചെയ്തികളിൽ അങ്ങേയറ്റം ഖേദിക്കുന്നവരായിത്തീരും. അല്ലെങ്കിൽ, അൽപസമയത്തിനുള്ളിൽ പുലരുന്ന പ്രഭാതത്തിൽ അവർ നെടും ഖേദത്തിൽ പതിക്കും. ഗുണമെന്ന് കരുതി നേടിയതോ ദോഷമെന്ന് കരുതി പാഴാക്കിയതോ ആയ കാര്യത്തിന്റെ പേരിലും, നന്മയെന്നു കരുതി ചെയ്തുപോയതോ തിന്മയെന്നു കരുതി ചെയ്യാതെ പോയതോ ആയ കർമത്തിന്റെ പേരിലും അതിന്റെ യഥാർഥ ഫലം പ്രത്യക്ഷപ്പെടുമ്പോഴുണ്ടാകുന്ന ദുഃഖമാണ് نَدامة. അതിൽ നിന്നുള്ള കർതൃപദത്തിന്റെ ബഹുവചനമാണ് نَادمون. അട്ടഹാസവും ഗർജനവുമാണ് صيحة. ഘോരമായ ശബ്ദം തന്നെ ചിലപ്പോൾ മാരകമായ ശിക്ഷയാകാം. അല്ലെങ്കിൽ എല്ലാ ശിക്ഷയുടെയും ആഗമനം ഘോര ശബ്ദത്തോട് കൂടിയാകാം. ദൈവിക ശിക്ഷയെ കുറിക്കാനാണ് ഖുർആൻ പലയിടത്തും صيحة ഉപയോഗിച്ചിട്ടുള്ളത്. ഈ സന്ദർഭം തന്നെ അതിനു ഉദാഹരണമാകുന്നു. ആദ് ജനതയെ ബാധിച്ച ശിക്ഷയെക്കുറിച്ച് 54:19-ൽ പറയുന്നതിങ്ങനെയാണ്: إِنَّا أَرْسَلْنَا عَلَيْهِمْ رِيحًا صَرْصَرًا فِى يَوْمِ نَحْسٍ

---

ثُمَّ أَنشَأْنَا مِنۢ بَعْدِهِمْ قُرُونًا ءَاخَرِينَ ﴿٤٢﴾

**42.** പിന്നെ അവർക്കുശേഷം മറ്റു പല തലമുറകളെ നാം വളർത്തിക്കൊണ്ടുവന്നു.

مَا تَسْبِقُ مِنْ أُمَّةٍ أَجَلَهَا وَمَا يَسْتَـْٔخِرُونَ ﴿٤٣﴾

**43.** ഒരു ജനതയും അവരുടെ അവധിക്ക് മുമ്പ് അവസാനിക്കുകയോ അവധിക്കു ശേഷം നിലനിൽക്കുകയോ ചെയ്യുന്നില്ല.

ثُمَّ أَرْسَلْنَا رُسُلَنَا تَتْرَا ۖ كُلَّ مَا جَآءَ أُمَّةً رَّسُولُهَا كَذَّبُوهُ ۚ فَأَتْبَعْنَا بَعْضَهُم بَعْضًا وَجَعَلْنَٰهُمْ أَحَادِيثَ ۚ فَبُعْدًا لِّقَوْمٍ لَّا يُؤْمِنُونَ ﴿٤٤﴾

**44.** പിന്നെ നാം ദൈവദൂതന്മാരെ ഒന്നിനു പിറകെ ഒന്നായി അയച്ചുകൊണ്ടിരുന്നു. ഓരോ സമൂഹത്തിലും ദൈവദൂതൻ ആഗതനായപ്പോഴൊക്കെ അവരദ്ദേഹത്തെ തള്ളിപ്പറയുകയായിരുന്നു. തന്മൂലം നാം ആ ജനതകളെ ഓരോന്നിനെയും മറ്റേതിന്റെ പിൻഗാമികളാക്കി. അവരെയൊക്കെയും നാം കേവലം കഥകളാക്കി മാറ്റി. അങ്ങനെ സത്യധർമങ്ങളംഗീകരിക്കാൻ കൂട്ടാക്കാത്ത ജനതകൾ നശിച്ചുപോയി.

**42 – 44**

ثُمَّ أَنشَأْنَا = പിന്നെ നാം വളർത്തിക്കൊണ്ടുവന്നു  مِنۢ بَعْدِهِمْ = അവർക്കു ശേഷം  قُرُونًا = (പല) തലമുറകളെ
ءَاخَرِينَ = മറ്റുള്ളവരായ  مَا تَسْبِقُ = മറികടക്കുന്നില്ല (അവസാനിക്കുകയോ)
مِنْ أُمَّةٍ = (ഒരു) ജനത(യും)യിൽ നിന്നും  أَجَلَهَا = അതിന്റെ അവധി(ക്കു മുമ്പ്)
وَمَا يَسْتَـْٔخِرُونَ = അവർ പിന്തുന്നുമില്ല (അവധിക്കു ശേഷം നിലനിൽക്കുകയോ ചെയ്യുന്നില്ല)
ثُمَّ أَرْسَلْنَا = പിന്നെ നാം അയച്ചു(കൊണ്ടിരുന്നു)  رُسُلَنَا = നമ്മുടെ (ദൈവ)ദൂതന്മാരെ

تَتْرَا = ഒന്നൊന്നായി, ഒന്നിനു പിറകെ ഒന്നായി كُلَّ مَا جَآءَ = ആഗതമായപ്പോഴൊക്കെ
أُمَّةً = സമുദായത്തിന് (ഓരോ സമൂഹത്തിലും) رَّسُولُهَا = അവരുടെ ദൈവദൂതൻ
كَذَّبُوهُ = അവർ അദ്ദേഹത്തെ തള്ളിപ്പറ(യുകയായിരുന്നു)ഞ്ഞു
فَأَتْبَعْنَا = അപ്പോൾ നാം അവരെ പിന്തുടർത്തി (തന്മൂലം ആ ജനതകളെ പിൻഗാമികളാക്കി)
بَعْضَهُم بَعْضًا = അവരിൽ ചിലർക്ക് ചിലരെ (ഓരോന്നിനെയും മറ്റേതിന്റെ)
وَجَعَلْنَٰهُمْ = അവരെ(യൊക്കെയും) നാം ആക്കി (മാറ്റുകയും ചെയ്തു)
أَحَادِيثَ = വർത്തമാനങ്ങൾ (കേവലം കഥകൾ) ആക്കി فَبُعْدًا لِّقَوْمٍ = ജനത്തിനു നാശം (നശിച്ചുപോയി)
لَّا يُؤْمِنُونَ = അവർ വിശ്വസിക്കാത്ത (സത്യധർമങ്ങൾ അംഗീകരിക്കാൻ കൂട്ടാക്കാത്ത)

**മു**മ്പ് 31-ാം സൂക്തത്തിൽ പറഞ്ഞ قرن -ന്റെ ബഹുവചനമാണ് قرون. നൂഹി(അ)ന്റെ സന്തതികളിൽ നിന്ന് നിരവധി ഗോത്രങ്ങളും സമുദായങ്ങളും വളർന്നു വന്നു. ഈ സമുദായങ്ങളെയെല്ലാം സന്മാർഗ ദർശനം ചെയ്യാൻ അല്ലാഹു പ്രവാചകന്മാരെ അയച്ചുകൊണ്ടുമിരുന്നു. ഇങ്ങനെ നിയുക്തരായ എല്ലാ പ്രവാചകന്മാരുടെയും പേരുകളും ചരിത്രവും ഖുർആനോ തൗറാത്തോ പറയുന്നില്ല. യഹൂദ വംശത്തിൽ പിറന്ന പ്രവാചകന്മാരെ മാത്രമേ തൗറാത്ത് പരാമർശിക്കുന്നുള്ളൂ. പ്രവാചക നിയോഗം എന്ന മഹത്വം യഹൂദരിൽ പരിമിതമാണെന്നും യഹൂദേതര സമുദായങ്ങളിൽ പ്രവാചകന്മാർ ഉണ്ടാവില്ലെന്നുമാണവരുടെ നിലപാട്. ഖുർആനാകട്ടെ പ്രവാചകത്വം ഏതെങ്കിലും വംശത്തിൽ പരിമിതപ്പെടുത്തുന്നില്ല. എല്ലാ സമൂഹങ്ങളിലും പ്രവാചകന്മാരുണ്ടായിട്ടുണ്ടെന്ന് അത് അസന്ദിഗ്ധമായി പ്രസ്താവിക്കുന്നു.

وَلَقَدْ بَعَثْنَا فِى كُلِّ أُمَّةٍ رَّسُولًا أَنِ ٱعْبُدُوا۟ ٱللَّهَ وَٱجْتَنِبُوا۟ ٱلطَّٰغُوتَ ۖ فَمِنْهُم مَّنْ هَدَى ٱللَّهُ وَمِنْهُم مَّنْ حَقَّتْ عَلَيْهِ ٱلضَّلَٰلَةُ ۚ فَسِيرُوا۟ فِى ٱلْأَرْضِ فَٱنظُرُوا۟ كَيْفَ كَانَ عَٰقِبَةُ ٱلْمُكَذِّبِينَ ﴿٣٦﴾

(അല്ലാഹുവിനു വഴിപ്പെടുവിൻ, ദൈവേതര ദുശ്ശക്തികളെ വർജിക്കുവിൻ എന്ന സന്ദേശവുമായി എല്ലാ സമുദായങ്ങളിലും നാം ദൈവദൂതനെ നിയോഗിച്ചിട്ടുണ്ടായിരുന്നു. അങ്ങനെ ജനങ്ങളിലൊരു വിഭാഗത്തെ അല്ലാഹു സന്മാർഗത്തിലേക്കാനയിച്ചു. മറ്റൊരു വിഭാഗത്തെയാകട്ടെ മാർഗഭ്രംശം കീഴടക്കിക്കളഞ്ഞു. ഭൂമിയിൽ സഞ്ചരിച്ചു നോക്കുവിൻ; സത്യധർമങ്ങൾ തള്ളിപ്പറഞ്ഞവരുടെ പരിണതി എന്തായിരുന്നുവെന്ന്- 16:36). وَمَا كُنَّا مُعَذِّبِينَ حَتَّىٰ نَبْعَثَ رَسُولًا (സത്യ-ധർമങ്ങൾ പ്രബോധനം ചെയ്യുന്ന ദൈവദൂതനെ നിയോഗിക്കുന്നതുവരെ നാം ആരെയും ശിക്ഷിക്കാറില്ല- 17:15). 42-ാം സൂക്തത്തിനും 43-ാം സൂക്തത്തിനും ഇടയിൽ ഓരോ സമുദായത്തിലും നാം പ്രവാചകന്മാരെ നിയോഗിച്ചു എന്ന അർഥത്തിലുള്ള ഒരു വാക്യം അനുക്തമാക്കിയിട്ടുണ്ട്. പ്രവാചക നിയോഗമുണ്ടാകുന്നതോടെ ആ സമുദായത്തിന്റെ വിധി നിർണയിക്കപ്പെടുന്നു. ഒന്നുകിൽ പ്രവാചകന്മാർ പ്രബോധനം ചെയ്യുന്ന സത്യധർമങ്ങൾ കൈക്കൊള്ളുക വഴി സന്മാർഗസ്ഥരായി ദീർഘകാലം സമാധാനത്തോടെ, ക്ഷേമത്തോടെ നിലനിൽക്കുക. അല്ലെങ്കിൽ സത്യപ്രബോധകരെ തള്ളിപ്പറഞ്ഞ് അധർമവും അക്രമവും അനീതിയും അനാചാരങ്ങളുമനുവർത്തിച്ച് നാശത്തിലേക്ക് ഗമിക്കുക. സത്യനിഷേധത്തിന്റെയും ധർമധിക്കാരത്തിന്റെയും സാന്ദ്രതയാണ് ആ പ്രയാണത്തിന്റെ വേഗത കുറിക്കുക. അതുപോലെ സത്യ-ധർമങ്ങളിലുള്ള വിശ്വാസത്തിന്റെയും പ്രതിബദ്ധതയുടെയും തോത്, നിലനിൽക്കാനും വികസിക്കാനുമുള്ള വിശ്വാസികളുടെ അർഹതയും നിശ്ചയിക്കുന്നു.

ഏകദൈവ വിശ്വാസവും നൈതിക-ധാർമിക നിയമങ്ങളും പ്രബോധനം ചെയ്യുന്ന പ്രവാചകന്മാർ എല്ലാ സമൂഹങ്ങളിലും ആദ്യം തിരസ്കരിക്കപ്പെടുകയാണ് പതിവ്. ദീർഘകാലത്തെ അശ്രാന്ത പരിശ്രമത്തിലൂടെ കുറച്ചാളുകളെ ഉൽബുദ്ധരും സംസ്കാര സമ്പന്നരുമാക്കാൻ അവർക്ക് കഴിയുന്നു. അവരിലൂടെ ആ സമൂഹത്തെക്കുറിച്ചൊക്കെ ധർമബോധവും മൂല്യവിചാരവും സ്വാധീനിക്കുന്നു. ഈ സ്വാധീനത്തിന്റെ ശക്തിയനുസരിച്ചിരിക്കുന്നു സമുദായത്തിന്റെ ആയുർബലം. ചില പ്രവാചകന്മാർക്കും അവരുടെ വിരലിലെണ്ണാവുന്ന ശിഷ്യന്മാർക്കും സമൂഹത്തെ ഒട്ടും സ്വാധീനിക്കാൻ കഴിയാതെ പോകുന്നു. അത്തരം സമൂഹങ്ങൾ ദൈവധിക്കാരത്തിലും നൈതിക-ധാർമിക-സദാചാര മൂല്യങ്ങളുടെ നിഷേധത്തിലും നാൾക്കുനാൾ മുന്നേറിക്കൊണ്ടിരിക്കും. അവരാണ് സമ്പൂർണ നാശം വിധിക്കപ്പെട്ടവർ. ചിലപ്പോൾ അവരെ പ്രബോധനം ചെയ്ത പ്രവാചകന്റെ കാലത്തുതന്നെ ആ നാശം സംഭവിക്കുന്നു. നൂഹ്-ഹൂദ് (അ) പ്രവാചകന്മാരുടെ സമുദായങ്ങൾക്കുണ്ടായ പരിണതി അതിന് ഉദാഹരണമാണ്. അവർക്ക് ശേഷവും ഈ പരിണതി നേരിട്ട പല സമുദായങ്ങളുമുണ്ടെന്നാണ് ഇവിടെ അനുസ്മരിപ്പിക്കുന്നത്. സ്വാലിഹ്, ലൂത്വ്, ശുഐബ്, അയ്യൂബ്, യൂസുഫ് തുടങ്ങിയ പ്രവാചകവര്യന്മാർ ഹൂദ് നബിക്കും മൂസാ നബിക്കും ഇടയിൽ വന്നവരായി കണ

ക്കാക്കപ്പെടുന്നു. ഇവരിൽ ലൂത്വ്, ശുഐബ്, സ്വാലിഹ് പ്രവാചകന്മാരുടെ സമുദായങ്ങൾ കൊടിയ ദൈവധിക്കാരം മൂലം നശിപ്പിക്കപ്പെടുകയായിരുന്നു. അയ്യൂബ്, യൂസുഫ് തുടങ്ങിയ പ്രവാചകന്മാരുടെ സമുദായങ്ങൾ കൊടിയ ക്ലേശങ്ങളിലകപ്പെട്ടുവെങ്കിലും അവരിൽ അവശേഷിച്ച പ്രവാചക പൈതൃകത്തിന്റെ സഹായത്താൽ സമ്പൂർണ നാശത്തിൽ നിന്ന് രക്ഷപ്പെട്ടു. അല്ലാഹു ഓരോ സമൂഹത്തിനും സത്യത്തോടും ധർമത്തോടുമുള്ള അവരുടെ പ്രതിബദ്ധതയനുസരിച്ച് ഒരായുസ്സ് നിശ്ചയിച്ചു വെച്ചിട്ടുണ്ട്. ഭൗതികമായി എത്ര തന്നെ ശക്തരും സമ്പന്നരുമാണെങ്കിലും നിശ്ചിത ആയുസ്സെത്തിയാൽ പിന്നെ ഒരു നിമിഷം അവക്ക് നിലനിൽക്കാനാവില്ല. സത്യ-ധർമാദികളുടെ പിൻബലമുണ്ടെങ്കിൽ ഭൗതികമായി എത്ര ദുർബലമായ സമൂഹവും നിശ്ചിത അവധിക്ക് ഒരു നിമിഷം പോലും മുമ്പായി അവസാനിക്കുകയുമില്ല. ഒരു സമൂഹത്തിന്റെ നിലനിൽക്കാനുള്ള ധാർമികാവകാശം നഷ്ടപ്പെടുന്നത് എപ്പോഴാണെന്ന് അല്ലാഹുവിനു മാത്രമേ അറിയൂ. ദൈവിക ശിക്ഷ യാഥാർഥ്യമാക്കി കാണിക്കാൻ നബി(സ)യെ വെല്ലുവിളിക്കുന്ന ഖുറൈശികൾക്കുള്ള ഒരു താക്കീത് കൂടിയാണിത്. നിങ്ങൾ തിരക്കു കൂട്ടേണ്ട. നിശ്ചിത സമയമെത്തിയാൽ നിശ്ചയിക്കപ്പെട്ടതെന്തോ അത് നടക്കുക തന്നെ ചെയ്യും. നിങ്ങൾ തിരക്കു കൂട്ടിയതുകൊണ്ട് അത് നിശ്ചിത സമയത്തിനു മുമ്പ് നടത്തുകയില്ല. നിങ്ങൾ അപേക്ഷിച്ചാൽ ഒരു നിമിഷം നീട്ടിവെക്കാനും പോകുന്നില്ല. അതാണ് അല്ലാഹുവിന്റെ നടപടിക്രമം. ആ ക്രമമനുസരിച്ചുതന്നെ അവൻ അതു ൈകകാര്യം ചെയ്യും.

ثُمَّ أَرْسَلْنَا رُسُلَنَا تَتْرَا (പിന്നെ നാം ദൈവദൂതന്മാരെ ഒന്നിനു പിറകെ ഒന്നായി അയച്ചു) എന്ന വാക്യത്തിന്റെ താൽപര്യം ഒന്നുകിൽ, ആദ് ജനതക്കു ശേഷം പല പല സമുദായങ്ങളെ വളർത്തിക്കൊണ്ടുവന്നിട്ട് അവരിലേക്ക് ദൈവദൂതന്മാരെ നിയോഗിച്ചു എന്നാവാം. അല്ലെങ്കിൽ ആദ് ജനതക്കു ശേഷം വന്ന ലൂത്വ്, ഥമൂദ്, മിദ്യാൻ ജനതകൾ അവരുടെ ആയുസ്സ് പൂർത്തിയായി തിരോധാനം ചെയ്ത ശേഷം അനന്തര സമുദായങ്ങളിലേക്കും പ്രവാചകന്മാർ ഒന്നൊന്നായി നിയുക്തരായിക്കൊണ്ടിരുന്നു എന്നുമാവാം. മൂലത്തിലെ تترا യുടെ യഥാർഥ രൂപം وترى എന്നാണ്. ചില പദങ്ങളുടെ തുടക്കത്തിലെ 'വ'കാരത്തെ 'ത'കാരമായി മാറ്റുക അറബിഭാഷയിൽ അംഗീകരിക്കപ്പെട്ട രീതിയാണ്. وُهْمَة ഇതിന്റെ മറ്റൊരു ഉദാഹരണമാണ്. تُهْمَة എന്നേ ഈ പദം ഉച്ചരിക്കാറും എഴുതാറുമുള്ളൂ. ഒറ്റ എന്നർഥമുള്ള وتر ആണ് ترى -യുടെ മൂലം. രാത്രി നമസ്കാരത്തിലെ ഒടുവിലത്തെ ഒറ്റ റക്അത്തിന് وِتْر എന്നു പറയും. കളവാകാൻ സാധ്യതയില്ലാത്ത വണ്ണം വ്യത്യസ്തമായ അനേക പരമ്പരകളിലൂടെ നിവേദനം ചെയ്യപ്പെട്ട പ്രവാചക വചനത്തെ ഹദീസ് നിദാനശാസ്ത്രം متواتر എന്നു പറയുന്നു. تترا -ക്ക് ഒറ്റയൊറ്റയായി എന്നാണ് ഭാഷാർഥം. തുടർച്ചയായി എന്നാണുദ്ദേശ്യം. ഓരോ പ്രവാചകനെയും ഒറ്റക്കൊറ്റക്ക് അയച്ചു എന്നോ ഒരാൾക്കു ശേഷം മറ്റൊരാളെ എന്ന ക്രമത്തിൽ അയച്ചു എന്നോ അർഥമില്ല. ലൂത്വ് നബിയും ഇബ്റാഹീം നബിയും സമകാലീനരായ പ്രവാചകന്മാരാണ്. എങ്കിലും അവർ വ്യത്യസ്ത സമുദായങ്ങളെയാണ് പ്രബോധനം ചെയ്തിരുന്നത്. മൂസാ നബിയും ഹാറൂൻ നബിയും ഒന്നിച്ച് ഒരേ കാലത്ത് ഒരേ സമുദായത്തിൽ പ്രബോധനം ചെയ്തിരുന്നവരാണ്. ഇതേ കാലത്ത് ശുഐബ് നബി അദ്ദേഹത്തിന്റെ സമുദായത്തെയും പ്രബോധനം ചെയ്തുകൊണ്ടിരുന്നുവെന്ന് ഖുർആൻ സൂചിപ്പിക്കുന്നു.

മനുഷ്യരെ സന്മാർഗദർശനം ചെയ്യുന്ന കാര്യത്തിൽ അല്ലാഹു ഒരു വീഴ്ചയും വരുത്തിയിട്ടില്ലെന്നു വ്യക്തമാക്കുകയാണിവിടെ. വീഴ്ച വരുത്തിയത് മനുഷ്യരാണ്. ഓരോ സമൂഹത്തിലും ദൈവദൂതൻ ചെല്ലുമ്പോൾ അവർ അദ്ദേഹത്തെയും അദ്ദേഹത്തിന്റെ സന്ദേശത്തെയും തീർത്തും തള്ളിക്കളഞ്ഞ് സ്വന്തം അന്ധവിശ്വാസങ്ങളിലും അനാചാരങ്ങളിലും ശഠിച്ചു നിൽക്കുകയായിരുന്നു. ഈ ശഠിച്ചുനിൽപ് അവരെ നാശഗർത്തത്തിൽ തള്ളി. നാശമടഞ്ഞ പൂർവികരിൽ നിന്ന് പാഠമുൾക്കൊള്ളാനും രക്ഷാമാർഗം അവലംബിക്കാനും പിൽക്കാല ജനതകളും തയാറായില്ല. പൂർവികർ പോയ അതേ നാശഗർത്തത്തിലേക്കുള്ള വഴി തന്നെ അവരും പിന്തുടർന്നു. ഒടുവിൽ അല്ലാഹുവിന്റെ നടപടിക്രമമനുസരിച്ച് അവരും ഈ ലോകത്തു നിന്ന് തുടച്ചുനീക്കപ്പെട്ടു. ശക്തിയും ശൗര്യവും അഹന്തയും ഡംഭുമെല്ലാം ആ നാശത്തിലേക്കുള്ള പ്രയാണത്തിന്റെ വേഗത കൂട്ടാനേ സഹായിച്ചുള്ളൂ. അവരുടെ സംസ്കാരവും നാഗരിക നിർമിതികളുമെല്ലാം മാഞ്ഞുപോയി. അതൊക്കെയും പിൽക്കാലക്കാർക്കുള്ള കഥകൾ മാത്രമായി തീർന്നു. وَجَعَلْنَاهُمْ أَحَادِيثَ (നാം അവരെ വർത്തമാനങ്ങളാക്കി) എന്നാണ് മൂല വാക്ക്. حَدِيث ആണ് أَحَادِيث-ന്റെ ഏക വചനം. ഇവിടെ അത് أُحدوثة-ന്റെ ബഹുവചനമായാണ് വ്യാഖ്യാതാക്കൾ ഗണിച്ചിരിക്കുന്നത്. ആളുകൾ പറഞ്ഞു രസിക്കുകയും കൈമാറുകയും ചെയ്യുന്ന സംഭവകഥയാണ് احدوثة. ഇതിന് أُحدُوثات എന്നും ബഹുവചനമുണ്ട്. സുന്നത്ത് വിജ്ഞാനീയത്തിൽ, പ്രവാചകനിൽ നിന്ന് ഉദ്ധരിക്കപ്പെടുന്ന വചനങ്ങൾക്കും കർമങ്ങൾക്കും حَدِيث എന്നു പറയുന്നു.

فَبُعْدًا لِّقَوْمٍ لَّا يُؤْمِنُونَ എന്ന വാക്യം അർഥത്തിലും ആശയത്തിലും, 41-ാം സൂക്തത്തിൽ വന്ന فَبُعْدًا لِّلْقَوْمِ الظَّالِمِينَ എന്ന വാക്യത്തിനു സമാനമാണ്. അവിടെ പറഞ്ഞ ظالمين തന്നെയാണ് قَوْمٌ لا يُؤْمِنُون. നേരത്തേ സൂചിപ്പിച്ചപോലെ بُعدا എന്നത് ശാപപ്രാർഥനയുടെ വാക്കാണെങ്കിലും ബാധിച്ചു കഴിഞ്ഞ ശാപത്തെക്കുറിച്ചാകുമ്പോൾ അർഥം അഭിശപ്തരായി എന്നോ നശിച്ചുപോയി എന്നോ ആകുന്നു. القوم الظالمون പകരം ഇവിടെ قَوْمٌ لا يُؤْمِنُون എന്നുപയോഗിച്ചത് ഖുറൈശികൾ നബി(സ)യോട് പുലർത്തിയ അവിശ്വാസത്തെയും നിഷേധത്തെയും സൂചിപ്പിക്കുന്നതോടൊപ്പം, بُعدا എന്ന വാക്ക് പൂർവകാലത്ത് നാശത്തിനിരകളായിത്തീർന്നവരുടെ നിലപാടും നടപടികളും സ്വീകരിക്കുന്നവരൊക്കെ നശിക്കട്ടെ എന്ന ശാപവും ഉൾക്കൊള്ളുന്നുവെന്ന് ഖുർആൻ പണ്ഡിതന്മാർ അഭിപ്രായപ്പെട്ടിരിക്കുന്നു. ■